പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.130 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

## സാമൂഹ്യ സുരക്ഷാ പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ആനുകൂല്യം ഏറെ ആവശ്യമുള്ള സമൂഹത്തിലെ അവശ വിഭാഗങ്ങളിൽപ്പെടുന്ന ഏകദേശം പതിനഞ്ച് ശതമാനത്തോളം പേർ ഇപ്പോഴും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; | (എ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 വർഷത്തെ 6 ാം നമ്പർ റിപ്പോർട്ട് പ്രകാരം, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ തിരഞ്ഞെടുത്ത 2880 കുടുംബങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 15 ശതമാനം അർഹരായ ജനസമൂഹം സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കാം എന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അവരെക്കൂടി പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അർഹരായ എല്ലാ ജനവിഭാഗങ്ങളെയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ 60 വയസ്സു കഴിഞ്ഞ മുഴുവൻ സാധാരണക്കാരെയും പെൻഷൻ പദ്ധതിക്ക് കീഴിൽ കൊണ്ടുവരുന്നതിനായി യൂണിവേഴ്സൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് നടപ്പിൽ വരുത്തുന്നതിനായി കൊല്ലം, കണ്ണൂർ ജില്ലകളിൽ കുടുംബശ്രീ മുഖേന 60 വയസ്സിനു മേൽ പ്രായമുള്ള വ്യക്തികൾക്ക് നിലവിൽ ലഭിക്കുന്ന പെൻഷനുകളുടെ വിവരം ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷനും കൂടി പൂർണ്ണ തോതിൽ നൽകുന്നതിനും മുൻപ് രണ്ട് പെൻഷൻ ലഭിച്ചു കൊണ്ടിരുന്ന ഗുണഭോക്താക്കൾക്ക് അതിലൊരു പെൻഷൻ 600/- രൂപ നിരക്കിൽ തുടർന്നും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളിലെ | (സി) ആധാർ ലഭ്യമല്ലാത്ത ഗുണഭോക്താക്കൾക്ക് ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, റേഷൻ കാർഡ് എന്നിവയിലേതെങ്കിലും ഒരു രേഖയും സത്യപ്രസ്താവനയും ഹാജരാക്കി പെൻഷൻ കൈപ്പറ്റുന്നതിന് സ.ഉ.നം.67/2017/ധന തീയതി |

| | |
|---|---|
| സങ്കീർണ്ണതയും, നടപടിക്രമങ്ങളിലെ സുതാര്യതയില്ലായ്മയും മൂലം പെൻഷനുവേണ്ടി ഓഫീസുകൾ കയറിയിറങ്ങുന്ന നിരാലംബരുടെ കഷ്ടപ്പാടുകൾ പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | 06.02.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇ.എം.ഒ മുഖേന പെൻഷൻ വിതരണം നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ കിടപ്പു രോഗികൾക്കും, പ്രായമേറിയവർക്കും പെൻഷൻ വീട്ടിൽ ലഭ്യമാക്കണമെന്ന് സർവ്വേയിൽ ആവശ്യപ്പെട്ടവർക്കും, പ്രാഥമിക സഹകരണ ബാങ്കുകൾ വഴി പെൻഷൻ വീടുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ